/129822/2024

KFDHQ/2829/2023-ADMIN/E2

EA / EF 29/4/24

**പ്രമോദ്.ജി.കൃഷ്ണൻ ഐ.എഫ്.എസ്**
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (ഭരണം)

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്
തിരുവനന്തപുരം-14
ഫോൺ: 0471-2529111
email: apccf-admin.for@kerala.gov.in

ഇ2-2829/23 **തീയതി:** 24-04-2024

ഡയറക്ടർ,
ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം

സർ,

വിഷയം: വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ, ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരെ നിയമിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. G.O (MS) No.97/2014/F&WLD dated 22.11.2014.
2. വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അയച്ച 03.11.2022-ലെ ഇ2-79/12 നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. വനം വകുപ്പിൽ ഫോറസ്ട്രി ട്രെയിനിംഗ് മാനുവലിന്റെ അടിസ്ഥാനത്തിൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡിസ്പെൻസറിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നീ തസ്തികകൾ അനുവദിച്ചിട്ടുള്ളതാണ്. അത് പ്രകാരം വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡിസ്പെൻസറിയിൽ ഈ തസ്തികകളിൽ ആരോഗ്യവകുപ്പിൽ നിന്നും മുൻകാലങ്ങളിൽ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. എന്നാൽ നിലവിൽ ഒരു ഫാർമസിസ്റ്റ് ഒഴികെ മേൽ പറഞ്ഞ മറ്റ് മൂന്നു തസ്തികകളും ജീവനക്കാരില്ലാത്തതിനാൽ ഒഴിഞ്ഞു കിടക്കുകയാണ്. നൂറിൽ പരം ബീറ്റ് ഫോറസ്റ്റ് ഓഫീസർ പരിശീലനാർത്ഥികളും, മറ്റു വിവിധ തസ്തികകളിൽ ഉള്ള പരിശീലനാർത്ഥികളും, ട്രെയിനിംഗിൽ ഏർപ്പെട്ടുവരുന്ന ഈ സ്ഥാപനത്തിൽ ട്രെയിനികൾക്ക് കായികമായ പരിശീലനം നൽകുമ്പോൾ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ഡോക്ടറടക്കമുള്ള ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമാണ്.

കൂടാതെ പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിലെ ജനങ്ങളുടെ ഏക ആശ്രയവും ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡിസ്പെൻസറിയാണ്. ടി ഡിസ്പെൻസറിയിൽ ദിവസവും നിരവധി പൊതുജനങ്ങൾ മരുന്നുകൾ അടക്കമുള്ള സേവനത്തിനായി

/129822/2024

എത്തുന്നുവെങ്കിലും മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമല്ലാത്തതിനാൽ പൊതുജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയാത്ത അവസ്ഥയാണ്. ടി വസ്തുതകൾ ഉൾപ്പെടുത്തി വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സൂചന (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ജീവനക്കാരെ നിയമിക്കുന്നതിന് നാളിതുവരെ നടപടി ഉണ്ടായിട്ടില്ല.

മേൽ സാഹചര്യത്തിൽ വാളയാർ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡിസ്പെൻസറിയിലേയ്ക്ക് മെഡിക്കൽ ഓഫീസർ, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അടിയന്തരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Pramod G Krishnan I F S
Date: 24-04-2024 11:35:36

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

<u>മേലെഴുത്തു നം. ഇഎ3-10420/2024ആവഡ തിയതി. 07-06-2024</u>

അഡീഷണൽ പ്രിൻസിപ്പൽ  ചീഫ് കൺസർവേറ്റർ വാളയാർ സ്റ്റേറ്റ് ഫോറസ്ററ് ട്രൈനിംഗ് ഇൻസ്റ്റിട്യൂട്ടിൽ അന്യത്ര സേവന വ്യവസ്ഥയിൽ മെഡിക്കൽ ഓഫീസറെ നിയമിക്കുന്നത് ആവശ്യപ്പെട്ടു ലഭിച്ച കത്ത് മെഡിക്കൽ ഓഫീസർമാരുടെ അറിവിലേക്കും അനന്തരനടപടിയ്ക്കായി വെസിറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 07-06-2024 11:05:49

ആരോഗ്യവകുപ്പ് ഡയറക്ടർ